**<u>സംസ്ഥാനത്ത് കോവിഡ്-19 എന്ന മഹാമാരി മൂലം ദുരിത മനുഭവിക്കുന്ന ഒരു പ്രധാന വിഭാഗമായ ലൈറ്റ്, സൗണ്ട് & പന്തൽ അനുബന്ധ മേഖലയിലെ തൊഴിലുടമകളുടെയും തൊഴിലാളിക ളുടെയും ആവശ്യങ്ങൾ പരിഹരിക്കുന്നതിന് നടപടി അഭ്യർത്ഥിച്ച് ചട്ടം 304 പ്രകാരം ശ്രീമതി. ഗീത ഗോപി, എം.എൽ.എ, ഉന്നയിച്ചിട്ടുള്ള സബ്മിഷനുള്ള മറുപടി</u>**

ലൈറ്റ്, സൗണ്ട് & പന്തൽ അനുബന്ധ മേഖലയിലെ തൊഴിലാളികൾക്ക് കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം എടുക്കാവുന്നതും, ക്ഷേമനിധിയിൽ നിന്നുള്ള വിവിധ ആനുകൂല്യ ങ്ങൾക്ക് അർഹത നേടാവുന്നതും ആണ്. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കും, സ്വയം തൊഴിൽ ചെയ്യുന്ന വർക്കും കോവിഡ്-19 കാലയളവിൽ കോവിഡ് ആശ്വാസ ധനസഹായമായി 1000/- രൂപയും, കോവിഡ് പ്രത്യേക ധനസഹായമായി ക്വാറന്റയിനിൽ കഴിഞ്ഞവർക്കും 5000/- രൂപയും, കോവിഡ് പോസിറ്റീവ് ആയവർക്ക് 10000/- രൂപയും ക്ഷേമനിധി ബോർഡ് മുഖേന വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സമൂഹത്തിലെ വിവിധ മേഖലകളി ലുള്ളവർക്ക് ലഭ്യമാക്കിയിട്ടുള്ളത് മുൻപെങ്ങും നൽകിയിട്ടില്ലാത്ത വിധത്തിലുള്ള സഹായങ്ങളാണ്. വരുമാന മാർഗ്ഗം വളരെ കുറഞ്ഞു പോയ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി അവരുടെ കുടുംബങ്ങൾക്ക് എല്ലാവിധ സംരക്ഷണവും സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. എല്ലാ വിഭാഗം തൊഴിലാളികളുടെയും ന്യായമായ എല്ലാ ആനുകൂല്യങ്ങളും സത്വരം ലഭ്യമാക്കണമെന്നുള്ള കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്.